പൊതുവിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹയർസെക്കന്ററി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം.

**No.EX.IX-2/14333/DGE(HSS)/2019** തീയതി : 26/08/2019

# സർക്കുലർ

വിഷയം:- *പൊ.വി.വ* -ഹയർ സെക്കന്ററി പരീക്ഷാവിഭാഗം - 2019 - 2020 അദ്ധ്യയന വർഷത്തിലെ ഒന്നും രണ്ടും വർഷ ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെ ഒന്നാം പാദവാർഷിക പരീക്ഷ- 2019 - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

2019 - 2020 അദ്ധ്യയന വർഷത്തെ ഹയർ സെക്കന്ററി ഒന്നും രണ്ടും വർഷ വിദ്യാർത്ഥികളുടെ ഒന്നാം പാദവാർഷിക പരീക്ഷ - 2019 ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

1. ഹയർ സെക്കന്ററി വിഭാഗത്തിന് പരീക്ഷാദിവസങ്ങളിൽ ഉച്ചക്ക് ശേഷം ക്ലാസ്സ് ഉണ്ടെന്ന് ചില മാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്ത വസ്തുതാവിരുദ്ധമാണ്. വകുപ്പ് അത്തരത്തിൽ തീരുമാനം എടുത്തിട്ടില്ല. രാവിലത്തെ പരീക്ഷയ്ക്കുശേഷം വിദ്യാർത്ഥികൾക്ക് അടുത്ത പരീക്ഷയുടെ തയ്യാറെടുപ്പിനായി വീടുകളിലേക്ക് മടങ്ങാവുന്നതാണ്.
2. പാർട്ട് III വിഷയങ്ങളിൽ ഭാഷാവിഷയങ്ങൾ ഒഴികെയുള്ളവയുടെ മലയാളം ഇംഗ്ലീഷ് പതിപ്പുകൾ ചോദ്യപേപ്പറിൽ നൽകിയിട്ടുണ്ട്. ഉത്തരങ്ങൾ ഇംഗ്ലീഷിലോ പ്രാദേശികഭാഷയിലോ എഴുതാവുന്നതാണ്. രണ്ടിലധികം ഭാഷകൾ ഉപയോഗിക്കാൻ പാടില്ല. ഒരു ചോദ്യത്തിന്റെ ഉത്തരം പൂർണ്ണമായും ഒരു ഭാഷയിൽ തന്നെ എഴുതണം.
3. മലയാളം പരിവർത്തനത്തിൽ എന്തെങ്കിലും അസമാനതകൾ ശ്രദ്ധയിൽപ്പെട്ടാൽ ഇംഗ്ലീഷ് പതിപ്പിലുള്ളത് പ്രകാരം ഉത്തരമെഴുതേണ്ടതാണ്.
4. ചോദ്യപേപ്പറുകളുടെ ലഭ്യത ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ഉറപ്പുവരുത്തേണ്ടതും കുറവുള്ളപക്ഷം ജില്ലാകേന്ദ്രങ്ങളിൽ നിന്നും സ്വീകരിക്കേണ്ടതുമാണ്.

ഒപ്പ്/-
**ജോയിന്റ് ഡയറക്ടർ**
**(പരീക്ഷാ വിഭാഗം)**